**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1772** **29-07-2021 - ൽ മറുപടിയ്ക്ക്**

**സി.എ.ജി ഡി.പി.സി നിയമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | **Shri K N Balagopal**<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സി.എ.ജി. യുടെ ഡി.പി.സി. നിയമത്തിന്റെ 20 (2) വകുപ്പ് അനുസരിച്ചുള്ള ഓഡിറ്റ് കിഫ്ബിയിൽ നടത്തേണ്ടതില്ല എന്ന നിലപാട് സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (എ) | ഇന്ത്യൻ ഭരണഘടന പ്രകാരം പരമോന്നത ഓഡിറ്റിങ് സ്ഥാപനം എന്ന നിലയിൽ കിഫ്ബിയെ ഓഡിറ്റ് ചെയ്യുന്നതിനുള്ള പൂർണ്ണ അധികാരം സെക്ഷൻ 14 പ്രകാരം സി&എജിയ്ക്കുണ്ട്. അങ്ങനെയാണെന്നിരിക്കെ കിഫ്ബിയെ ഓഡിറ്റ് ചെയ്യുന്നതിന് സി&എജിയെ സർക്കാർ പ്രത്യേകം ചുമതലപ്പെടുത്തേണ്ട കാര്യമില്ല. കിഫ്ബി പോലെയുള്ള ഒരു സ്ഥാപനത്തിൽ DPC ആക്ട് സെക്ഷൻ 14 പ്രകാരം സി&എജിയ്ക്ക് സമ്പൂർണ്ണ ഓഡിറ്റിങ്ങിനു അധികാരമുണ്ട്. നിയമപരമായി ഒരു ഓഡിറ്റിങ് പരിമിതികളും ഇതിനില്ല. ഇതിനു പുറമെ കിഫ്ബിയിൽ ആക്ട് പ്രകാരം നിലനിൽക്കുന്ന ഓഡിറ്റിന് സമാന്തരമായി സി&എജിയുടെ ഓഡിറ്റ് സഹവർത്തിക്കാവുന്നതാണ്. 2020 ജൂൺ വരെയുള്ള കാലയളവിലെ കിഫ്ബിയുടെ സമഗ്ര ഓഡിറ്റ് സി&എജി പൂർത്തിയീകരിച്ചിട്ടുണ്ട്. DPC Act സെക്ഷൻ 20(2) അനുസരിച്ചുള്ള ഓഡിറ്റ് കിഫ്ബിയ്ക്ക് ബാധകമല്ല. കൂടാതെ, ഈ ആക്ടിലെ സെക്ഷൻ 14 പ്രകാരമുള്ള ഓഡിറ്റിങ് അധികാരം സെക്ഷൻ 20(2) നെക്കാൾ വിശാലവും സമ്പൂർണ്ണവുമാണ് എന്ന് നാഷണൽ ഡെയറി ഡെവലപ്മെന്റ് ബോർഡിലെ സി&എജിയുടെ ഓഡിറ്റ് സംബന്ധിക്കുന്ന വിധിയുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഡൽഹി ഹൈക്കോടതി നിരീക്ഷിച്ചിട്ടുണ്ട്. DPC Act സെക്ഷൻ 20(2) പ്രകാരമുള്ള ഓഡിറ്റ് സെക്ഷൻ 14(1) നേക്കാൾ കൂടുതൽ സമഗ്രമാണെന്ന് ആ ആക്ടിൽ എവിടെയും പ്രതിപാദിക്കുന്നില്ല. കൂടാതെ സെക്ഷൻ 14(1) പ്രകാരമുള്ള ഓഡിറ്റ് സി&എജി നിരുപാധികമായ അധികാര പരിധിയിൽ വരുന്നതാണെന്നിരിക്കെ സെക്ഷൻ 20(2) ഓഡിറ്റിന് ഒരു നടപടിക്രമത്തിലൂടെ നേടിയെടുക്കേണ്ടതാണ്. സമ്പൂർണ്ണമായ ഓഡിറ്റിങ് അധികാരം ഉണ്ടെന്നിരിക്കെ ഇങ്ങനെ ഒരു നടപടി |

| | | | |
|---|---|---|---|
| | | | അപ്രസക്തമാണ് എന്നത് സർക്കാർ സി&എജിയെ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ